പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2281 — 08.03.2017 ൽ മറുപടിക്ക്

## ശബരിമലയിലെ കടിവെള്ള ക്ഷാമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. എസ്. ശിവകുമാർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) ശബരിമലയിലെ കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്; | (എ) കടിവെള്ള വിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി ശബരിമലയിൽ നിലവിലുള്ള ജലസംഭരണികൾക്ക് പുറമേ ഒരു ജലസംഭരണി കൂടി നിർമ്മിക്കുവാൻ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ നിലയ്ക്കലിൽ നിലവിലുള്ള കുളത്തിന്റെ വലിപ്പവും ആഴവും കൂട്ടുന്നതിനായി ദേവസ്വം ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br>(സി) ഇക്കാര്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വനം വകുപ്പുമായി കൂടിയാലോചിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) യും (സി) യും<br>കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര വന്യജീവി ബോർഡിന്റെ പരിഗണനക്കയച്ചപ്പോൾ ഇക്കാര്യത്തിൽ കേന്ദ്ര കടുവാ സംരക്ഷണ അതോറിറ്റിയുടെ ക്ലിയറൻസും കൂടി വാങ്ങണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനായി വനം വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ